# ചേക്കുട്ടിമാർ ഇപ്പോഴും അരങ്ങുവാഴുന്നു




സമസ്ത രൂപീകരിച്ചപ്പോൾ ആറ്റക്കോയ തങ്ങൾ അതിന്റെ സഹയാത്രികനായിരുന്നു. ഹിച്ച്കോക്കിനു സ്മാരകം പണിയാൻ മുന്നിട്ടിറങ്ങിയ ആളാണ് ആറ്റക്കോയ തങ്ങൾ. ഇദ്ദേഹത്തിന്റെ പിതാവ് ഖാൻ ബഹദൂർ മുത്തുക്കോയ തങ്ങളും കടുത്ത ബ്രിട്ടിഷ് ആരാധകനും കോഴിക്കോട് മുനിസിപ്പാലിറ്റിയിലെ ബ്രിട്ടിഷ് നോമിനേറ്റഡ് അംഗവും ബ്രിട്ടിഷ് ചക്രവർത്തിയുടെ കിരീടധാരണത്തിന്റെ ആഘോഷത്തിന്റെ സംഘാടകനും ഖിലാഫത്തിനെ എതിർക്കാൻ യോഗം സംഘടിപ്പിച്ചയാളുമായിരുന്നു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സ്ഥാപക പ്രസിഡന്റായ ഖാൻ ബഹദൂർ വരക്കൽ മുല്ലക്കോയ തങ്ങൾ ഈ പട്ടം ഉപക്ഷിച്ചതായി അറിവില്ല.






*ചേക്കുട്ടിയുടെ ഓർമയ്ക്കായി നിർമിച്ച പൊതു കിണർ*

# ചേക്കുട്ടിമാർ ഇപ്പോഴും അരങ്ങുവാഴുന്നു

**സി. അബ്ദുൽ ഹമീദ്**

വിപ്ലവ നായകരെ പോലെ തന്നെ എല്ലാ വിപ്ലവങ്ങളിലും പ്രശസ്തരാണ് പ്രതിനായകരും. വിപ്ലവത്തെ തകർക്കാൻ അവർ തങ്ങളുടെ ഭാഗം നന്നായി തകർത്താടിയിട്ടുണ്ട്. ഇന്ത്യയിലെ ഓരോ അധിനിവേശ പോരാട്ടത്തിലും അവരുടെ സാന്നിധ്യമുണ്ടായിരുന്നു. അവരിന്നും വിപ്ലവങ്ങളുടെ ഇടനാഴികളിൽ ചുറ്റിത്തിരിയുന്നുമുണ്ട്. 1997 ജൂലൈ 8ന് പുറപ്പെട്ട 'സാവോ ഗബ്രിയേൽ' എന്ന മലബാർ തീരത്തിനു ദുരന്തത്തിന്റെ കൊടും ദിനങ്ങൾ സമ്മാനിച്ച



*ഇബ്നു മാജിദ്*

കപ്പലിൽ മൊറോക്കോ തീരവും കഴിഞ്ഞ് ആഫ്രിക്കയിലെ മൊസാബിക്കടുത്ത മിലിന്ദയിൽ നിന്നു കയറിയ ഇബ്നു മാജിദ് (സഹാബുദ്ദീൻ അഹ്മദ് ഇബ്നു മാജിദ്) എന്ന യുവ നാവികന്റെ 'തീരക്കടലിൽക്കൂടി യാത്ര ചെയ്യുമ്പോൾ നീണ്ട പർവത ശിഖരങ്ങൾ കാണാം. അവിടന്ന് സഞ്ചരിച്ചാൽ ഒരു ചെറിയ ഉൾക്കടലിനകത്ത് ഓലമേഞ്ഞ അനേകം വീടുകൾ ചിതറിക്കിടക്കുന്ന പട്ടണം കാണാം. അതാണ് ലോകപ്രശസ്തമായ കോഴിക്കോട്' എന്ന മിലിന്ദയിലെ കടൽക്കാറ്റിലലിഞ്ഞതും വാസ്കോഡഗാമയെന്ന കടൽപ്പിശാചിന്റെ കൂർത്ത ചെവികൾ പിടിച്ചെടുത്തതുമായ ശബ്ദമാണ് ചരിത്രത്തിലെ ഒറ്റുകാരന്റെ ആദ്യ ശബ്ദം, മലബാറിനെ സംബന്ധിച്ചെങ്കിലും.*

1921ലെ മലബാർ സമരം തെറ്റായിരുന്നുവെന്നും അതു മുസ്‌ലിം സമുദായത്തെ നൂറു വർഷം പിറകോട്ടടിപ്പിച്ചുവെന്നും ആരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതു മിലിന്ദയിലെ കടൽത്തീരത്ത് ഇബ്നു മാജിദിന്റെ ഏറ്റവും ശ്രദ്ധേയമായ ശബ്ദത്തിന്റെ പ്രതിധ്വനിയാണെന്നതിൽ തർക്കമില്ല, പക്ഷേ, ഇത് ഒറ്റപ്പെട്ടതാണെന്നോ അവസാനത്തേതാണെന്നോ തീർപ്പിൽ എത്തേണ്ടതുമില്ല. കാരണം, ചരിത്രത്തിന്റെ ഇടനാഴികളിലൊക്കെ അതിന്റെ അലയൊലികളുയർന്നിട്ടുണ്ട്. ഭീരുത്വം ഗ്രസിച്ച ഏതു വിഭാഗവും ഇഹലോകത്തിന്റെ വർണശബളിത സ്വാധീനിച്ച ഏതൊരാൾക്കും ഇത്തരം നിലപാടെടുക്കുന്നതിൽ ഒരു വൈമനസ്യവും തോന്നുകയില്ല. ഇത്തരം ശക്തികളെ തിരുത്തുകയും ഇവർ നിർമിക്കുന്ന മിഥ്യാലോകത്തെ തകർത്ത് സമുദായത്തിനു ശരിയേതെന്നു കാണിച്ചുകൊടുക്കേണ്ട ബാധ്യത ചരിത്രബോധമുള്ള നേതൃത്വങ്ങൾക്കുണ്ടാവേണ്ടതുണ്ട്.

1500 സപ്തംബർ 13ന് ഗാമയുടെ പിൻഗാമിയായി കോഴിക്കോട്ടെത്തിയ കബ്രാളിനു മക്കക്കാരെ പുറത്താക്കാനും യൂറോപ്യൻ കച്ചവടക്കുത്തക സ്ഥാപിക്കാനും സഹായകമായത് കോയപ്പക്കിയും ആക്കോയപ്പക്കിയുമാണ്. അറബികളോട് കച്ചവട വിഷയത്തിൽ ഇടഞ്ഞ ഇവരാണ് പറങ്കികൾക്കു കച്ചവടത്തിനും പാണ്ടികശാല നിർമിക്കാനും സൗകര്യവും സഹായവും ചെയ്തത്. കരയിലെ ഏതാനും പാണ്ടികശാലകൾ പറങ്കികൾക്കു കോയപ്പക്കി വിൽക്കുകയും പോർച്ചുഗീസ് വ്യാപാരി ഐറിസ് കോറിയെ മുസ്‌ലിം കച്ചവടക്കാർ വധിച്ചപ്പോൾ അയാളുടെ കുടുംബത്തെ രക്ഷിച്ചു നാട്ടിലെത്തിച്ചതും പക്കിയായിരുന്നു. ഈ സഹായമൊക്കെ ചെയ്ത പക്കിയെ അവസാനം നീചരായ പറങ്കികൾ ബന്ധനസ്ഥനാക്കിയപ്പോൾ എല്ലാം മറന്നു നീണ്ട സംഘട്ടനത്തിലൂടെ മാപ്പിളമാരാണ് അയാളെ മോചിപ്പിച്ചതും. ഇബ്നു മാജിദ് അധിനിവേശത്തിനു വഴിയൊരുക്കിയപ്പോൾ പക്കിമാർ അവർക്കു സാമ്പത്തിക ചൂഷണത്തിനും തീരദേശത്തെ മുസ്‌ലിം വ്യാപാരത്തെ നിഷ്കാസിതമാക്കുന്നതിനും സഹായം ചെയ്തു.

ബ്രിട്ടിഷ് അധിനിവേശം കടന്നുവന്നപ്പോൾ അവരും തങ്ങളുടെ പാതയിലെ തടസ്സങ്ങൾ നീക്കാൻ ഒറ്റുകാരെ തന്നെയാണ് ശരണംപ്രാപിച്ചത്. ബ്രിട്ടന്റെ ഇന്ത്യൻ അധിനിവേശത്തിലെ വാട്ടർലൂ എന്നു വിശേഷിപ്പിക്കാവുന്ന 1757ലെ പ്ലാസി യുദ്ധത്തിൽ ബംഗാൾ നവാബ് സിറാജുദ്ദൗലയെ പരാജയപ്പെടുത്താനവർക്കു മീർ ഖാസിമിന്റെ സഹായം വേണ്ടിവന്നു. മീർ ഖാസിമിനെയും മീർ ജാഫറിനെയും മാറിമാറി ഉപയോഗപ്പെടുത്തിയാണ് ബ്രിട്ടൻ ബംഗാളിനെ തങ്ങളുടെ അധികാരത്തിൽ നിലനിർത്തിയത്. 1792ൽ മൂന്നാം മൈസൂർ യുദ്ധത്തിൽ ടിപ്പുവിനെ പരാജയപ്പെടുത്താൻ ബ്രിട്ടൻ ചെയ്തതും ഇതേ തന്ത്രം തന്നെയായിരുന്നു.



*വാസ്കോഡ ഗാമ കോഴിക്കോട് കപ്പലിറങ്ങുന്നു (ഛായാ ചിത്രം)*

**1921ലെ മലബാർ സമരം തെറ്റായിരുന്നുവെന്നും അതു മുസ്‌ലിം സമുദായത്തെ നൂറു വർഷം പിറകോട്ടടിപ്പിച്ചുവെന്നും ആരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് മിലിന്ദയിലെ കടൽത്തീരത്ത് ഇബ്നു മാജിദിന്റെ ഏറ്റവും ശ്രദ്ധേയമായ ശബ്ദത്തിന്റെ പ്രതിധ്വനിയാണെന്നതിൽ തർക്കമില്ല. പക്ഷേ, ഇത് ഒറ്റപ്പെട്ടതാണെന്നോ അവസാനത്തേതാണെന്നോ തീർപ്പിൽ എത്തേണ്ടതുമില്ല. കാരണം, ചരിത്രത്തിന്റെ ഇടനാഴികളിലൊക്കെ അതിന്റെ അലയൊലികളുയർന്നിട്ടുണ്ട്. ഭീരുത്വം ഗ്രസിച്ച ഏതു വിഭാഗവും ഇഹലോകത്തിന്റെ വർണശബളിത സ്വാധീനിച്ച ഏതൊരാൾക്കും ഇത്തരം നിലപാടെടുക്കുന്നതിൽ ഒരു വൈമനസ്യവും തോന്നുകയില്ല. ഇത്തരം ശക്തികളെ തിരുത്തുകയും ഇവർ നിർമിക്കുന്ന മിഥ്യാലോകത്തെ തകർത്തു സമുദായത്തിനു ശരിയേതെന്നു കാണിച്ചുകൊടുക്കേണ്ട ബാധ്യത ചരിത്രബോധമുള്ള നേതൃത്വങ്ങൾക്കുണ്ടാവേണ്ടതുണ്ട്.**

അതിന്നവർക്ക് ടിപ്പുവിന്റെ മന്ത്രിമാരായ മീർ സാദിഖിനെയും ഗുലാം അലിയെയും കിട്ടി. അവസരം ഒത്തുവന്നപ്പോൾ രണ്ടുപേരും സുൽത്താനെ വഞ്ചിച്ചു. അങ്ങനെ 1799ൽ നാലാം മൈസൂർ യുദ്ധത്തിൽ ടിപ്പു സുൽത്താൻ വെല്ലസ്ലിയുടെ ബ്രിട്ടിഷ് സൈന്യത്തോടു നേരിട്ട് ഏറ്റുമുട്ടി രക്തസാക്ഷ്യംവരിച്ചു. ഇതോടെ ബ്രിട്ടനു തങ്ങൾക്കു തടസ്സമായിരുന്ന ഘടകങ്ങളെല്ലാം ഇല്ലാതെയായി.

മൈസൂർ ഭരണത്തിനു ശേഷം ഇംഗ്ലണ്ടിന്റെ അധിനിവേശവും സവർണ ജന്മിത്തവും കൈകോർത്ത 19ാം നൂറ്റാണ്ടിലും ഒറ്റുകാർ അരങ്ങുവാണു. അന്നത്തെ പല പോരാട്ട നായകരെയും പിടികൂടാനോ വധിക്കാനോ അധികാരികൾക്കു സാധിച്ചത് ഇവരുടെ സഹായത്താലാണ്. ഉണ്ണി മൂസ, അത്തൻകുരിക്കൾ, ചെമ്പൻ പോക്കർ, ഹൈദ്രോസ് കുട്ടി മൂപ്പൻ ചതുർ സംഘത്തിലെ ചിലരെ അങ്ങനെയാണ് അവസാനിപ്പിച്ചത്. ഹൈദ്രോസ് കുട്ടി മൂപ്പൻ തിരൂർ കൂട്ടായിയിൽ ബ്രിട്ടനോട് പൊരുതിജയിച്ചു പോവുമ്പോൾ ചാവക്കാടിനടുത്തുവച്ച് ഒറ്റുകാരുടെ ശ്രമഫലമായാണ് പിടിക്കപ്പെടുന്നതും അവിടെവച്ച് ഇംഗ്ലീഷ് സേനയോട് പൊരുതി രക്തസാക്ഷിയാവുന്നതും.

ജന്മിത്ത-അധിനിവേശ വിരുദ്ധ സമരങ്ങളുടെ ബൗദ്ധിക-ആത്മീയ പ്രചോദനം മമ്പുറം സയ്യിദലവി തങ്ങളും ശേഷം സയ്യിദ് ഫസൽ തങ്ങളുമാണെന്നു തിരിച്ചറിഞ്ഞ ശത്രുക്കൾ ഫസൽ തങ്ങളെ ഇല്ലായ്മ ചെയ്യാൻ പല ശ്രമങ്ങളും നടത്തി. ജനരോഷം ഭയന്നു കൊണ്ടു മാത്രം അറസ്റ്റ് ചെയ്തില്ല. അതിനാൽ ഫസൽ തങ്ങളെ അറേബ്യയിലേക്കു നാടുകടത്താനവർ തീരുമാനിച്ചു. എന്നാൽ, അതുപോലും രാജ്യത്ത് ഒരു കലാപത്തെ ക്ഷണിച്ചുവരുത്തുമെന്നു പോലിസ് അധികാരികൾ റിപോർട്ട് ചെയ്തു. അതിനാൽ തങ്ങൾ സ്വയം നാടുവിട്ടു പോവാൻ തീരുമാനിക്കുന്നിടത്തേക്കു കാര്യങ്ങളെത്തിക്കാൻ കനോലിയുടെ നേതൃത്വത്തിൽ ഭരണകൂടം തീരുമാനിച്ചു. അതിനവർ പതിവുപോലെ സമുദായത്തിനകത്തുനിന്ന് ഒറ്റുകാരെ വിലയ്ക്കെടുത്തു.

ഏറനാട്ടിലെ അന്നത്തെ തഹസിൽദാരായിരുന്ന കുട്ടൂസ കടുത്ത രാജഭക്തി പ്രകടിപ്പിച്ചിരുന്ന ഉദ്യോഗസ്ഥനായിരുന്നു. അയാൾ ഇതിനായി കഠിന പ്രയത്നം ചെയ്തു. തങ്ങൾ കുടുംബത്തിൽ നിന്നു ബ്രിട്ടനു കിട്ടിയ രണ്ടു വ്യക്തികളുണ്ടായിരുന്നു. അതിലൊന്ന് ഫസൽ തങ്ങളുടെ സഹോദരീ പുത്രൻ അബ്ദുല്ലക്കോയ തങ്ങളാണ്. ഇദ്ദേഹം ഇംഗ്ലീഷ് സംസ്കാരത്തെ അങ്ങേയറ്റം ബഹുമാനിക്കുകയും ബ്രിട്ടിഷുകാരെ ശക്തമായി അനുകൂലിക്കുകയും ചെയ്തയാളാണ്. ഫസൽ തങ്ങളുടെ പലായനത്തിനു ശേഷം മാത്രമാണയാൾ തന്റെ ഭരണകൂട ദാസ്യം പുറത്തെടുത്തത് എന്നു മാത്രം. തന്റെ നിലപാടുകൾക്കൊത്ത് ജീവിക്കാനും പ്രവർത്തിക്കാനും എന്തുതന്നെയായാലും കടുത്ത ബ്രിട്ടിഷ് വിരോധിയായ ഫസൽ തങ്ങളുടെ സാന്നിധ്യവും അദ്ദേഹത്തെ അങ്ങേയറ്റം ആദരിക്കുന്ന മാപ്പിള സമുദായവും ഒരു തടസ്സം തന്നെയാണെന്ന് അയാൾ മനസ്സിലാക്കി. ഫസൽ തങ്ങൾ



*മമ്പുറം തങ്ങളുടെ വീട്*

**ജന്മിത്ത-അധിനിവേശ വിരുദ്ധ സമരങ്ങളുടെ ബൗദ്ധിക-ആത്മീയ പ്രചോദനം മമ്പുറം സയ്യിദലവി തങ്ങളും ശേഷം സയ്യിദ് ഫസൽ തങ്ങളുമാണെന്നു തിരിച്ചറിഞ്ഞ ശത്രുക്കൾ ഫസൽ തങ്ങളെ ഇല്ലായ്മ ചെയ്യാൻ പല ശ്രമങ്ങളും നടത്തി. ഒടുവിൽ ഫസൽ തങ്ങളെ അറേബ്യയിലേക്കു നാടുകടത്താനവർ തീരുമാനിച്ചു. എന്നാൽ, അതുപോലും രാജ്യത്ത് ഒരു കലാപത്തെ ക്ഷണിച്ചുവരുത്തുമെന്നു പോലിസ് റിപോർട്ട് ചെയ്തു. അതിനാൽ തങ്ങൾ സ്വയം നാടുവിട്ടു പോവാൻ തീരുമാനിക്കുന്നിടത്തേക്കു കാര്യങ്ങളെത്തിക്കാൻ കനോലിയുടെ നേതൃത്വത്തിൽ ഭരണകൂടം തീരുമാനിച്ചു. അതിന്നായി തങ്ങൾ കുടുംബത്തിൽ നിന്നു ബ്രിട്ടനു കിട്ടിയ ഒറ്റുകാരിൽ ഒരാളായിരുന്നു ഫസൽ തങ്ങളുടെ സഹോദരീ പുത്രൻ അബ്ദുല്ലക്കോയ തങ്ങൾ.**

യാത്രയായ ശേഷം ഇയാൾ തന്റെ തനിനിറം കാണിക്കാൻ തുടങ്ങി. സ്വന്തമായി പുറത്തിറക്കിയിരുന്ന പ്രസിദ്ധീകരണ (ഹിദായത്തുൽ ഇഖ്‌വാൻ)ത്തിലൂടെ ബ്രിട്ടിഷ് ഭക്തി പ്രകടമാക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. പ്രത്യുപകാരമായി മമ്പുറം മഖാമിന്റെ ഭരണ ചുമതല ബ്രിട്ടിഷുകാർ ഇയാൾക്കു നൽകുകയും ചെയ്തു.

ഫസൽ തങ്ങൾ അറേബ്യയിലേക്കു പോവുന്നതിനു നേരിട്ടു ഭരണകൂടം ഉപയോഗപ്പെടുത്തിയ മറ്റൊരു വ്യക്തി ഫസലിന്റെ ബന്ധു കൂടിയായ ആറ്റക്കോയ തങ്ങളെയാണ്. നാട്ടിൽ കുഴപ്പമില്ലാതിരിക്കാൻ ഫസൽ തങ്ങളോടു നാടുവിടാൻ പ്രേരണചെലുത്തിയത് ഇയാളായിരുന്നു. നിരന്തരമായ അഭ്യർഥന ഫസലിലും ആശയക്കുഴപ്പമുണ്ടാക്കി. ഈ സന്ദിഗ്ധതയെ ഫസൽ തങ്ങൾ സ്വയം തീരുമാനിച്ച് അറേബ്യയിലേക്കു പോവുന്നുവെന്നു വരുത്താൻ ആറ്റക്കോയക്കു സാധിച്ചു. ഇംഗ്ലീഷ് ഭരണാധികാരികൾ ആഗ്രഹിച്ചതും അതുതന്നെയായിരുന്നു. 'ഏറനാട് താലൂക്ക് തഹസിൽദാർ, ഡെപ്യൂട്ടി കലക്ടർ സി. കണാരൻ എന്നിവർക്കു പുറമെ തങ്ങളുടെ ബന്ധുവും ബ്രിട്ടിഷ് അനുകൂലിയുമായ ആറ്റക്കോയ തങ്ങൾ തുടങ്ങിയവരെ മമ്പുറം തങ്ങളുമായി സംസാരിക്കാൻ ഏർപ്പാട് ചെയ്തു' (മമ്പുറം സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ-എഡി. കെ.കെ. എൻ കുറുപ്പ്, ഡോ. പി.കെ. പോക്കർ, പേ. 46).

മലബാർ കലക്ടർ കനോലി തന്നെ ആറ്റക്കോയ തങ്ങൾ ചെയ്ത സേവനങ്ങളെക്കുറിച്ചു പറയുന്നുണ്ട്. ആറ്റക്കോയയുടെ അതീവ സമർഥമായ പെരുമാറ്റം സൂചിപ്പിക്കാതെ എനിക്കിത് അവസാനിപ്പിക്കാൻ കഴിയില്ല. ഈ സംഭവസമയമത്രയും മനോദൃഢതയോടെയും ബുദ്ധിയോടെയും അവർ പെരുമാറി. തങ്ങളുടെ ആത്മീയനേതാവിനെ വഞ്ചിച്ചവനെന്നു അവജ്ഞാപൂർവം മനസ്സിലാക്കുകയും ആ വികാരം പ്രകടിപ്പിക്കുകയും ചെയ്ത തഴേക്കിടയിലെ മാപ്പിളമാരെ അയാൾ പുച്ഛിച്ചുതള്ളി. തങ്ങൾ യാത്രയാവുംവരെ അദ്ദേഹം കുറച്ചു മൈൽ അകലെയുള്ള താനൂരിലേക്കു പോയി. തങ്ങൾക്കു യാത്രയ്ക്കാവശ്യമായ ആയിരം രൂപ ആറ്റക്കോയയ്ക്കു മുൻകൂറായി നൽകിയിരുന്നു' (Correspondence of Mappila Oturages). മലബാർ മാപ്പിളമാർക്കിടയിൽ ഇത്രയേറെ സ്വാധീനം ചെലുത്തിയ ഒരു നേതാവ് മുമ്പും ശേഷവും ഉണ്ടായിട്ടില്ല. അദ്ദേഹത്തെ നശിപ്പിക്കാൻ ബ്രിട്ടൻ നടത്തിയ ശ്രമം ഒറ്റുകാരുടെ സഹായം കൊണ്ടുമാത്രമാണ് വിജയിച്ചത്. ഇല്ലെങ്കിൽ അതുളവാക്കുന്ന പ്രത്യാഘാതം കനത്തതാവുമായിരുന്നു. ഇത്തരത്തിൽ പണ്ഡിതന്മാരെയും പ്രവാചക കുടുംബമെന്നു വിശേഷിപ്പിക്കുന്നവരെയും സംഘങ്ങളെയുമൊക്കെ പണവും പദവിയും നൽകി ബ്രിട്ടൻ വരുതിയിലാക്കുകയും അവർ സമുദായത്തെയും വിപ്ലവത്തെയും ഒറ്റുകൊടുക്കുന്നതിൽ മൽസരിക്കുകയും ചെയ്തു.

1857ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിനും മുമ്പു മുസ്‌ലിംകൾ ബ്രിട്ടനോട് പടപൊരുതി. മലബാറിൽ



*ടിപ്പുസുൽത്താന്റെ മൃതദേഹം കണ്ടെത്തിയ സ്ഥലം*

**ഒറ്റുകാരന്റെ പര്യായപദമായി മാറിയ ചേക്കുട്ടി എന്ന പേരിന്റെ ഉടമ ആനക്കയം കൂരിമണ്ണിൽ വലിയമണ്ണിൽ ചേക്കുട്ടിയാണ്. ഒരു സാധാരണ പോലിസുകാരനായ ഇയാൾ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ പിതാവ് മൊയ്തീൻ ഹാജിയെ ദ്രോഹിക്കുന്നതിലും സ്വത്തുക്കൾ കണ്ടുകെട്ടുന്നതിലും അവ കുറഞ്ഞ വിലയ്ക്കു ബ്രിട്ടിഷ് അനുയായികൾക്കു ലേലത്തിൽ നേടുന്നതിനുമൊക്കെ സഹായിച്ചു. വാരിയൻകുന്നത്ത് കുഞ്ഞഹമ്മദാജി മക്കാ വാസം കഴിഞ്ഞു മടങ്ങിവന്നു പൊതുരംഗത്തു സജീവമായപ്പോൾ അദ്ദേഹത്തെ വീണ്ടും പല കള്ളക്കേസിലും കുടുക്കാൻ ശ്രമം നടത്തുകയും ചെയ്തു. ഇതിന്റെയെല്ലാം പ്രത്യുപകാരമായി ചേക്കുട്ടിയെ ഇൻസ്പെക്ട റാക്കി ഉദ്യോഗക്കയറ്റം നൽകാൻ ബ്രിട്ടനു സാധിച്ചു. ചേക്കുട്ടിയുടെ സഹോദരനായ ഖാൻ ബഹാദൂർ ചേക്കു അംശം അധികാരിയുമാണ്.**

മാപ്പിള പോരാട്ടങ്ങൾ നടന്ന അതേ കാലയളവിൽ ഉത്തരേന്ത്യയിൽ മുസ്‌ലിംകൾ ഇതേപാതയിൽ മുന്നേറിയിരുന്നു. അതിൽ ആവേശകരമായ അധ്യായം രചിച്ചത് അഹ്മദ് ഷാ ബറേലവിയുടെ 'തഹ്‌രീകെ മുജാഹിദീൻ' ആയിരുന്നു. ഷാ ഇസ്മയിൽ ദഹ്‌ലവിയുമായി ചേർന്ന് അദ്ദേഹത്തിന്റെ സൈന്യം നടത്തിയ ബ്രിട്ടിഷ്-സിഖ് വിരുദ്ധ പോരാട്ടങ്ങൾ ഇംഗ്ലീഷുകാരുടെ ഉറക്കംകെടുത്തി. അങ്ങനെയാണ് യാർ മുഹമ്മദ് ഖാനെ വിലയ്ക്കെടുക്കുകയും അഹ്മദ് ഷായുടെ ഭക്ഷണത്തിൽ വിഷംചേർക്കുകയും ചെയ്തത്. അങ്ങനെ വിഷബാധയേറ്റ അഹ്മദ് ഷായെ ഒരിടത്തു തളച്ചിട്ടു. മറ്റൊന്ന്, ചില പണ്ഡിതന്മാരെ വിലയ്ക്കെടുത്തു പഴയ അനുയായി സുൽത്താൻ ഖാന്റെ സഹായത്തോടെ അഹ്മദ് ഷാ വഹാബിയാണെന്ന ഫത്‌വ ഇറക്കുകയും അങ്ങനെ സമുദായത്തിൽ അദ്ദേഹത്തിനുള്ള സ്വാധീനം ഇല്ലാതെയാക്കി ബ്രിട്ടിഷ് വിരുദ്ധ പോരാട്ടത്തെ തകർക്കാൻ ശ്രമിക്കുകയും ചെയ്തു. ഇത്തരം ചതിപ്രയോഗം കാരണമാണ് ബാലാക്കോട്ട് യുദ്ധം പരാജയപ്പെടുകയും അഹ്മദ് ഷായും ഷാഹ് ഇസ്മായിലും രക്തസാക്ഷികളാവുകയും ചെയ്തത്. അന്ന് നേരിട്ടു വിഷം കൊടുത്തു കൊല്ലുന്നവർ ഇന്ന് ഇതിനെക്കാൾ ഉഗ്രമുള്ള വിഷം നിറഞ്ഞ പ്രസ്താവനകൾ നടത്തുന്നുവെന്നു മാത്രം.

1921ലേക്കെത്തുമ്പോൾ ഇവരുടെ എണ്ണം വർധിച്ചുവരുന്നു. സ്വന്തം നിലയ്ക്ക് ഇതിനായി ഇറങ്ങിത്തിരിച്ചവരും ഇവരുടെ പ്രേരണകളാൽ ഈ വഴി സ്വീകരിച്ചവരും ഇക്കൂട്ടരിൽ കാണാം. സ്വയം തീരുമാനിച്ച് അതു നാവുകൊണ്ട് വെളിവാക്കിപ്പറഞ്ഞു പ്രവൃത്തിയിലൂടെ അതു കാണിച്ചുതന്നു രാജാവിനെക്കാൾ വലിയ രാജഭക്തി കാണിച്ചവരിലാണ് ഡിവൈ.എസ്.പി ആമുവും ഡെപ്യൂട്ടി കലക്ടർ അമ്മുവും ഇൻസ്‌പെക്ടർ ചേക്കുട്ടിയുമൊക്കെ വരുന്നത്. കണ്ണൂർ സിറ്റിയിലെ എളാട്ട് വലിയകത്ത് എന്ന കുടുംബത്തിൽ ജനിച്ച ഇ.വി. ആമതാണ് പിന്നീട് ആമു സൂപ്രണ്ട് ആയി കുപ്രസിദ്ധനായത്. മാപ്പിളമാരെ മർദിക്കാൻ മൽസരിക്കുകയും മാപ്പിള



*അഹ്മദ് ഷാ ശഹീദ്*

സമുദായത്തെ തന്നെ അധിക്ഷേപിക്കുകയും ചെയ്ത ഇയാൾക്കു പാരിതോഷികമായി ഐ.പി.എസിനു സമാനമായ സ്ഥാനവും ഖാൻ ബഹാദൂർ പദവിയും ഓർഡർ ഓഫ് ബ്രിട്ടിഷ് എമ്പർ പദവിയും ബ്രിട്ടൻ നൽകി. പെരിന്തൽമണ്ണയിൽ മാപ്പിള പോരാളികളെ മുളങ്കൂട്ടിലടച്ചു പുഴയിൽ മുക്കാൻ നിർദേശിച്ചപ്പോൾ അതു ചെയ്യാൻ മടിച്ചു എന്നുപറഞ്ഞ് ആമുവിനെ ചില തൽപ്പരകക്ഷിക്കാർ മഹാനായി വാഴ്ത്താൻ ശ്രമിക്കുന്നുണ്ട്. പക്ഷേ, വാഗൺ ട്രാജഡി മുതൽ മലബാറിൽ നടന്ന കൂട്ടക്കുരുതികളുടെയും നിരപരാധികളടക്കം കാരാഗൃഹവാസത്തിനും നാടുകടത്തലിനും വിധേയമായതിൽ ആമുവിന്റെ



*കെ. മാധവൻ നായർ*

പങ്ക് വലുതാണ്.

മലബാറിൽ ഡെപ്യൂട്ടി കലക്ടറായി സേവനം ചെയ്ത തലശ്ശേരിയിൽ ജനിച്ചു കോഴിക്കോട് സ്ഥിരതാമസമാക്കിയ ഖാൻ ബഹാദൂർ പി.എ. അമ്മുവാണ് ബ്രിട്ടിഷ് ദാസനായ മറ്റൊരു ഉദ്യോഗസ്ഥൻ. മലബാറിന്റെ ക്രമസമാധാന പാലനത്തിന്റെ ചുമതലയുള്ള റവന്യൂ ഉദ്യോഗസ്ഥനായ അമ്മുവും മാപ്പിള ദ്രോഹത്തിനും ബ്രിട്ടിഷ് സേവയ്ക്കും ലഭിച്ച അവസരങ്ങൾ ഒന്നും ഒഴിവാക്കിയില്ല. മേലാറ്റൂർ സബ് ഇൻസ്‌പെക്ടറായിരുന്ന ചെർപ്പുളശ്ശേരിക്കാരൻ മൊയ്തീനും കുടുംബവും ഒറ്റുകാരായിരുന്നു. മേലാറ്റൂരിൽ നടന്ന ഒരു കലാപത്തിൽ പോലിസ് മുറയുമായി വന്ന ഇൻസ്‌പെക്ടർ മൊയ്തീന്റെ ഒരു ചെവി മാപ്പിള പോരാളിയുടെ ആയുധത്തിനിരയായി അറ്റു താഴെവീണു. തന്റെ വഞ്ചനയുടെ അടയാളമായ മുറിഞ്ഞ ചെവിയുമായി മൊയ്തീൻ ഒറ്റുകാരനായിത്തന്നെ ജീവിച്ചു.

ഇന്നും ഒറ്റുകാരന്റെ പര്യായപദമായി മാറിയ ചേക്കുട്ടി എന്ന പേരിന്റെ ഉടമ ആനക്കയം കൂരിമണ്ണിൽ വലിയമണ്ണിൽ ചേക്കുട്ടിയാണ്. ഒരു സാധാരണ പോലിസുകാരനായ ഇയാൾ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ പിതാവ് മൊയ്തീൻ ഹാജിയെ ദ്രോഹിക്കുന്നതിലും സ്വത്തുക്കൾ കണ്ടുകെട്ടുന്നതിലും അവ കുറഞ്ഞ വിലയ്ക്കു ബ്രിട്ടിഷ് അനുയായികൾക്കു ലേലത്തിൽ നേടുന്നതിനുമൊക്കെ സഹായിച്ചു. വാരിയൻകുന്നത്ത് കുഞ്ഞഹമ്മദാജി മക്കാ വാസം കഴിഞ്ഞു മടങ്ങിവന്നു പൊതുരംഗത്തു സജീവമായപ്പോൾ അദ്ദേഹത്തെ വീണ്ടും പല കള്ളക്കേസിലും കുടുക്കാൻ ശ്രമം നടത്തുകയും ചെയ്തു. ഇതിന്റെയെല്ലാം പ്രത്യുപകാരമായി ചേക്കുട്ടിയെ ഇൻസ്‌പെക്ടറാക്കി ഉദ്യോഗക്കയറ്റം നൽകാൻ ബ്രിട്ടനു സാധിച്ചു. ചേക്കുട്ടിയുടെ സഹോദരനായ ഖാൻ ബഹാദൂർ ചേക്കു അംശം അധികാരിയുമാണ്. വാരിയൻകുന്നത്തിന്റെ എല്ലാ ചലനങ്ങളും നിരീക്ഷിക്കാൻ ചേക്കുട്ടി ശ്രദ്ധകാണിച്ചു. ചേക്കുട്ടിയുടെ സഹോദരീപുത്രനായ കുഞ്ഞിപ്പോക്കർ എന്ന

യാളെക്കൊണ്ട് ഏറനാട്ടിൽ കൊള്ള നടത്തിക്കുകയും അതിന്റെ ഉത്തരവാദിത്തം വാരിയൻകുന്നത്തിനും അനുയായികൾക്കുമാണെന്നു വരുത്തിത്തീർക്കാനുംവരെ ചേക്കുട്ടി ശ്രമിച്ചു. കെ. മാധവൻ നായർ ചേക്കുട്ടിയെ ഒരു സാത്വികനായി പരിചയപ്പെടുത്തി വഴിതെറ്റിക്കാൻ ശ്രമം നടത്തിയിട്ടുണ്ട്. 'ശാന്തനും സാത്വികനും ഹിന്ദുക്കൾക്കും മുസൽമാന്മാർക്കും ഒരുപോലെ വിശ്വസ്തനും വലിയ ഒരു ഗവൺമെന്റ് ഭക്തനും ആയ വന്ദ്യ വയോധികൻ' എന്നാണ് 'മലബാർ കലാപ'ത്തിൽ പരിചയപ്പെടുത്തുന്നത്.



കെ.പി. കേശവ മേനോൻ

ചേക്കുട്ടിയുടെ കീഴിൽ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ നീക്കങ്ങൾ ശ്രദ്ധിക്കാൻ നിയോഗിക്കപ്പെട്ട ഒരാളാണ് പന്തല്ലൂർ മുടിക്കോട്ട് ചെക്പോസ്റ്റിലെ ഹെഡ് കോൺസ്റ്റബിൾ ഒതുക്കുങ്ങൽ ചെറുകുന്ന് സ്വദേശിയായ കക്കോടൻ ഹൈദ്രോസ്കുട്ടി. തന്റെ പണി കൃത്യമായി നടത്തുകയും പോരാളികളെ ഒറ്റുകൊടുക്കുന്നത് തുടരുകയും ചെയ്ത ഹൈദ്രോസ്കുട്ടിയെ വധിച്ച ശേഷമാണ് ഇൻസ്പെക്ടർ ചേക്കുട്ടിയുടെ തലയെടുക്കാൻ പോരാളി സംഘം പോയത്. ചേക്കുട്ടിയുടെ അടുത്ത ബന്ധുവായ കൂരിമണ്ണിൽ കൗക്കുന്നുമ്മൽ കോയാമുഹാജിയാണ് ചേക്കുട്ടിയുടെ തല അറുത്തുമാറ്റിയത്. കോയാമുഹാജിയെ ബന്ധുകൂടിയായ ചേക്കുട്ടി ഖിലാഫത്ത് സമരത്തിനിറങ്ങിയ കാരണത്താൽ നന്നായി ദ്രോഹിച്ചിരുന്നു.

കൊണ്ടോട്ടിയിൽ രാജാവിനെപ്പോലെ വാണ തങ്ങന്മാർ ബ്രിട്ടീഷ് അനുകൂലികൾ മാത്രമല്ല ഒറ്റുകാരുമാണ്. ടിപ്പുവിന്റെ കാലത്ത് കരമൊഴിവാക്കി ധാരാളം ഭൂമി കിട്ടിയതിനാൽ അവർ ഭൂപ്രഭുക്കളുമാണ്. മുഷ്താഖ് ഷാ തങ്ങൾ വാരിയൻകുന്നത്തിന്റെ നീക്കം നിരീക്ഷിക്കുകയും പട്ടാള അധികാരികളെ കൃത്യസമയത്ത് അറിയിക്കുകയും ചെയ്തിരുന്നു. 1921 സപ്തംബറിൽ മിലിറ്ററി കമാന്റിങ് ഓഫിസർക്ക് കൊണ്ടോട്ടി തങ്ങൾ എഴുതിയ കത്തിൽ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും സംഘവും ഇപ്പോൾ പൂക്കോട്ടൂരിനടുത്തുണ്ട്, അവരുടെ പക്കൽ ആയുധങ്ങൾ കുറവാണ്, ഉടനെ മതിയായ സേനയെ അയച്ചാൽ അവരെ പിടികൂടാമെന്നു പറയുന്നുണ്ട്. അക്കാലത്ത് കൊണ്ടോട്ടി തങ്ങളുടെ കത്തുണ്ടെങ്കിൽ ബ്രിട്ടീഷ് മർദനത്തിൽ നിന്നു രക്ഷപ്പെടാമെന്ന

**കൊണ്ടോട്ടിയിൽ രാജാവിനെപ്പോലെ വാണ തങ്ങന്മാർ ബ്രിട്ടീഷ് അനുകൂലികൾ മാത്രമല്ല ഒറ്റുകാരുമാണ്. ടിപ്പുവിന്റെ കാലത്ത് കരമൊഴിവാക്കി ധാരാളം ഭൂമി കിട്ടിയതിനാൽ അവർ ഭൂപ്രഭുക്കളുമാണ്. മുഷ്താഖ് ഷാ തങ്ങൾ വാരിയൻകുന്നത്തിന്റെ നീക്കം നിരീക്ഷിക്കുകയും പട്ടാള അധികാരികളെ കൃത്യസമയത്ത് അറിയിക്കുകയും ചെയ്തിരുന്നു. ആലി മുസ്‌ല്യാരെയും കൂട്ടരെയും സമരത്തിൽ നിന്നു പിന്മാറ്റി പട്ടാളത്തിനു പിടികൊടുക്കാൻ ഉപദേശിക്കാൻ കേശവ മേനോന്റെ നേതൃത്വത്തിൽ തിരൂരങ്ങാടിയിൽ പോയ കോൺഗ്രസ് നേതാക്കൾ വഴിയിൽ തടസ്സം ഉണ്ടായപ്പോൾ ഇതേ കൊണ്ടോട്ടി തങ്ങളുടെ വീട്ടിൽ വിരുന്നുകൂടി പിറ്റേന്ന് പത്തിരിയും ചായയും കഴിച്ചാണ് പോയത്. കൊണ്ടോട്ടി തങ്ങൾ മറ്റൊരു സാത്വികനാണെന്ന് കേശവ മേനോന് തോന്നിയിരിക്കാം.**




വാർത്ത കേട്ട് കാവനൂർകാരായ ചിലർ അതു സംഘടിപ്പിക്കുകയും പട്ടാളം വന്നപ്പോൾ അവർ കത്ത് കാണിച്ചുകൊടുത്തെങ്കിലും അവരെ വീടോടുകൂടി ചുട്ടെരിച്ച സംഭവം ഉണ്ടായി. കൊണ്ടോട്ടി തങ്ങൾ പറഞ്ഞിട്ടുണ്ട് എല്ലാവരും പുറത്തുവരുക എന്ന് പട്ടാളം വിളിച്ചു പറയും. അങ്ങനെ പുറത്തുവരുന്നവരെ പട്ടാളം വെടിവച്ചു കൊല്ലുകയും ചെയ്ത സംഭവങ്ങൾ ധാരാളമാണ്. ഈ രീതിയിലായിരുന്നു കൊണ്ടോട്ടി തങ്ങന്മാർ സമുദായത്തെയും പോരാളികളെയും വഞ്ചിച്ചിരുന്നത്. ഇതിനാൽ കൊണ്ടോട്ടി തങ്ങന്മാരുടെ ആസ്ഥാനമായ ത

**സ്പെഷ്യൽ അസിസ്റ്റന്റ് കലക്ടറായ ടോട്ടൺഹാമിനോട് ഹാജിയെ വളരാൻ അനുവദിക്കരുതെന്നും ഒതുക്കണമെന്നും ആവശ്യപ്പെടുകയും ഒറ്റുകാരുടെ സംഘത്തിനും ടോട്ടൺഹാമിനുമിടയിൽ പദ്ധതികൾ ആവിഷ്കരിക്കാൻ ഇടനിലക്കാരനാവുകയും ചെയ്ത അയമുട്ടിയുടെ വീട്ടിലാണ് കോഴിക്കോട്ടേക്കു കുടുംബസമേതം രക്ഷപ്പെടാൻ പോവുന്ന വഴിയിൽ അരീക്കോട്ട് മാധവൻ നായരും കുടുംബവും വിശ്രമിച്ചത്. അവിടെവച്ചാണ് മാധവൻ നായരെ തിരിച്ചറിഞ്ഞ മാപ്പിള ചെറുപ്പക്കാർ തട്ടിക്കയറിയതും. അയമുട്ടിയുടെ മകൻ കുഞ്ഞാലൻ ഖിലാഫത്ത് പ്രവർത്തകനായിരുന്നു. ചേക്കുട്ടിയെ സാത്വികനാക്കിയ മാധവൻ നായർ അയമുട്ടിയെ എന്താക്കിയിരിക്കും?**




*വാസ്കോഡ ഗാമയുടെ കോഴിക്കോട്ടേക്കുള്ള നാവിക പാത*

ഖിയ കുഞ്ഞഹമ്മദ് ഹാജിയുടെ സംഘം ആക്രമിച്ചെങ്കിലും പാറനമ്പിയിൽ നിന്നു പിടിച്ചെടുത്തു സൂക്ഷിച്ച പീരങ്കി പൊട്ടിച്ചുകൊണ്ട് മാപ്പിളപ്പടയെ നേരിട്ടതിനാൽ കുഞ്ഞഹമ്മദ് ഹാദജിയുടെ സംഘത്തിനു പരാജയമാണുണ്ടായത്. കൊണ്ടോട്ടി തങ്ങൾക്ക് ദൈവസാമീപ്യമുള്ളതുകൊണ്ടാണ് മാപ്പിളമാർ അന്ന് പിന്തിരിഞ്ഞോടിയത് എന്നാണ് മാധവൻ നായർ എഴുതിയത്.

ആലി മുസ്ല്യാരെയും കൂട്ടരെയും സമരത്തിൽ നിന്നു പിന്മാറ്റി പട്ടാളത്തിനു പിടികൊടുക്കാൻ ഉപദേശിക്കാൻ കേശവ മേനോന്റെ നേതൃത്വത്തിൽ തിരൂരങ്ങാടിയിൽ പോയ കോൺഗ്രസ് നേതാക്കൾ വഴിയിൽ തടസ്സമുണ്ടായപ്പോൾ ഇതേ കൊണ്ടോട്ടി തങ്ങളുടെ വീട്ടിൽ വിരുന്നുകൂടി പിറ്റേന്ന് പത്തിരിയും ചായയും കഴിച്ചാണ് പോയത്. കൊണ്ടോട്ടി തങ്ങൾ മറ്റൊരു സാത്വികനാണെന്ന് കേശവ മേനോന് തോന്നിയിരിക്കാം.

മക്കയിലേക്കു നാടുകടത്തപ്പെട്ടു വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി തിരിച്ചുവന്ന ശേഷം അദ്ദേഹത്തിന്റെ സാന്നിധ്യം ഇല്ലാതെയാക്കാൻ ഒറ്റുകാർ പരമാവധി പരിശ്രമിച്ചു. ജില്ലാ ജഡ്ജി ഇന്നിസിനെ വധിക്കാൻ ശ്രമിച്ചു, മേലാറ്റൂർ ഇൻസ്പെക്ടറെ വധിക്കാൻ ശ്രമിച്ചു തുടങ്ങിയ കുറ്റങ്ങളിൽ ഹാജിയെ ഉൾപ്പെടുത്താൻ ഒരു സംഘം പ്രവർത്തിച്ചിരുന്നു. അതിലൊരാളാണ് അരീക്കോട്ടുകാരൻ കല്ലുവെട്ടി അഹമ്മദ്കുട്ടി. സ്പെഷ്യൽ അസിസ്റ്റന്റ് കലക്ടറായ ടോട്ടൺഹാമിനോട് ഹാജിയെ വളരാൻ അനുവദിക്കരുതെന്നും ഒതുക്കണമെന്നും ആവശ്യപ്പെടുകയും ഒറ്റുകാരുടെ സംഘത്തിനും ടോട്ടൺഹാമിനുമിടയിൽ പദ്ധതികൾ ആവിഷ്കരിക്കാൻ ഇടനിലക്കാരനാവുകയും ചെയ്ത അയമുട്ടിയുടെ വീട്ടിലാണ് കോഴിക്കോട്ടേക്കു കുടുംബസമേതം രക്ഷപ്പെടാൻ പോവുന്നവഴിയിൽ അരീക്കോട്ട് മാധവൻ നായരും കുടുംബവും വിശ്രമിച്ചത്. അവിടെവച്ചാണ് മാധവൻ നായരെ തിരിച്ചറിഞ്ഞ മാപ്പിള ചെറുപ്പക്കാർ തട്ടിക്കയറിയതും. അയമുട്ടിയുടെ മകൻ കുഞ്ഞാലൻ ഖിലാഫത്ത് പ്രവർത്തകനായിരുന്നു. ചേക്കുട്ടിയെ സാത്വികനാക്കിയ മാധവൻ നായർ അയമുട്ടിയെ എന്താക്കിയിരിക്കും?

*(അവസാനിക്കുന്നില്ല)*

**വാസ്കോഡ ഗാമയ്ക്ക് വഴി കാണിച്ചത് ഇബ്നു മാജിദ് അല്ലെന്ന് ഇന്ത്യൻ വംശജനായ അന്നത്തെ മഖാം ഇമാം ഖുതുബുദ്ദീൻ നെഹ്ർവാലി രചിച്ച 'അൽ ബർക്കുൽ യമാനി ഫിൽ ഫത്ഹിൽ ഉസ്മാനി (ഉസ്മാനിയ ഒട്ടോമൻ വിജയത്തിന്റെ മിന്നൽ പിണറുകൾ) എന്ന ഗ്രന്ഥത്തിൽ എഴുതിയ പരാമർശം മാത്രമാണ്. ഇബ്നു മാജിദ് അറബ് വംശജനാണെന്നും അന്ന് മിലിന്ദയിൽ ധാരാളം ഗുജറാത്തി വ്യാപാരികൾ ഉണ്ടായിരുന്നു. ക്നാന എന്ന ക്രിസ്ത്യൻ യുവാവ് ഗാമയെ അനുഗമിച്ചു വഴികാട്ടിയിരുന്നുവെന്നും പുതിയ പഠനങ്ങൾ വന്നിട്ടുണ്ട്. ഷാർജാ ഭരണാധികാരി ഡോ. സുൽത്താനു ബ്നു മുഹമ്മദ് അൽ ഖാസിമി ഇതുസംബന്ധിച്ച പ്രബന്ധം തയ്യാറാക്കിയിട്ടുണ്ട്.*

**കവർ**

## ചേക്കുട്ടിമാർ ഇപ്പോഴും അരങ്ങുവാഴുന്നു -2

# ആരായിരുന്നു ഒറ്റുകാർ?

**സമസ്തയുടെ സ്ഥാപക ജനറൽ സെക്രട്ടറി പള്ളിവീട്ടിൽ മുഹമ്മദ് കോയ ഖിലാഫത്ത് ദീനി വിരുദ്ധമാണെന്നും നമ്മുടെ ഭരണകൂടമായ ബ്രിട്ടനെതിരേ രംഗത്തുവരരുതെന്നും ഖാസി എന്ന നിലയ്ക്കു പ്രസ്താവന ഇറക്കുകയും ചെയ്തിട്ടുണ്ട്. ആമു സൂപ്രണ്ടും അമ്മുവും മുൻകൈയെടുത്ത് 1921 ജൂലൈ 24ന് നടന്ന പൊന്നാനി പാതാറിലെ ബ്രിട്ടിഷ് അനുകൂല പണ്ഡിത സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും അന്ന് ഇറക്കിയ അൽ മഹക്കുൽ ഖലാഫ അലാ ഇസ്മിൽ ഖിലാഫ എന്ന ബ്രിട്ടിഷ് അനുകൂല ഫത്‌വയിൽ ഒപ്പിട്ട മഖ്ദൂം അബ്ദുർറഹ്മാൻ എന്ന കുഞ്ഞൻ ബാവ മുസ്ല്യാർ, വെളിയങ്കോട്ടുകാരനായ തട്ടാങ്ങര കുട്ട്യാമു മുസ്ല്യാർ തുടങ്ങിയവർ ബ്രിട്ടൻ വിലയ്ക്കെടുത്ത മതപുരോഹിതൻമാരായിരുന്നു.**



*ഒറ്റുകാരനായ ആനക്കയത്തെ ചേക്കുട്ടിയുടെ തലയറുത്ത് കുന്തത്തിൽ നാട്ടി വാരിയൻകുന്നത്ത് കുഞ്ഞഹമ്മദാജിയും സമര ഭടന്മാരും മഞ്ചേരിയിലേക്ക് മാർച്ച് ചെയ്യുന്നു (അനുസ്മരണത്തിന്റെ ഭാഗമായി മഞ്ചേരിയിൽ നടത്തിയ ആവിഷ്കാരം)*

● സി. അബ്ദുൽ ഹമീദ്

വാരിയൻകുന്നത്ത് മൊയ്തീൻകുട്ടി ഹാജി പങ്കെടുത്ത മണ്ണാർക്കാട് കലാപത്തിൽ അദ്ദേഹത്തെ പ്രതിയാക്കാനും നാടുകടത്താനും സ്വത്തുക്കൾ പിടിച്ചെടുക്കാനും അധികാരികളെ പ്രേരിപ്പിച്ചതിൽ തൊണ്ടിയിൽ ഹൈദ്രു ഹാജിക്ക് പങ്കുണ്ടായിരുന്നു. മൊയ്തീൻകുട്ടി ഹാജിയുടെ സഹോദരീപുത്രനാണ് ഹൈദ്രു ഹാജി. ഇരുന്നൂറിനടുത്ത് ഏക്കർ വരുന്ന കൃഷിഭൂമി അന്നു കണ്ടുകെട്ടി. ഇതു ലേലത്തിൽ വയ്ക്കുമ്പോൾ ബന്ധുക്കൾക്കു കുറഞ്ഞ വിലയ്ക്കു വിളിച്ചെടുക്കാൻ നിയമമുണ്ടായിരുന്നു. അന്നത്തെ മതിപ്പു വിലയുടെ നാലിലൊന്ന് വിലയ്ക്ക് അങ്ങനെ ബന്ധുക്കൾക്കു വിട്ടുകൊടുക്കാതെ ഹൈദ്രു ഹാജി വിളിച്ചെടുത്തിട്ട് യഥാർഥ അവകാശികൾക്കു കൈമാറാനായിരുന്നു തീരുമാനം. എന്നാൽ, ഹൈദ്രു ഹാജിയും വടക്കാങ്ങര കുഞ്ഞഹമ്മദും കൂടി കുറഞ്ഞ വിലയ്ക്കു ഭൂമി ലേലത്തിൽ വിളിച്ചെങ്കിലും അത് അവകാശികൾക്കു കൈമാറാൻ തയ്യാറായില്ല. മാത്രവുമല്ല കുഞ്ഞഹമ്മദ് ഹാജി നാട്ടിലുണ്ടായാൽ ഭൂമി ആവശ്യപ്പെടുമെന്നു മനസ്സിലാക്കിയ അദ്ദേഹത്തെ കള്ളക്കേസിൽ കുടുക്കി വീണ്ടും നാടുകടത്താനുള്ള ശ്രമവും ഇവർ നടത്തി. ഹൈദ്രു ഹാജിയെ കുഞ്ഞഹമ്മദ് ഹാജിയുടെ സംഘം വധിച്ചു.* മാധവൻ നായരെ പോലു

ള്ളവർ ചരിത്രമെഴുതിയപ്പോൾ ഹൈദ്രു ഹാജിയെ ഒരു നിഷ്കളങ്കനായാണ് അവതരിപ്പിച്ചിട്ടുള്ളത്.

ബ്രിട്ടിഷുകാരുടെ കീഴിൽ ഉദ്യോഗത്തിലിരിക്കുന്നവർ, പരമ്പരാഗതമായി അധികാരിപ്പണി ലഭിച്ചവർ, മലയോര മേഖലയിലെ തോട്ടങ്ങളിലേക്കു തൊഴിലാളികളെ റിക്രൂട്ട് ചെയ്യുകയും സൂപ്പർവൈസർമാരുമായിരുന്ന മേശിരിമാർ, എണ്ണത്തിൽ കുറവായിരുന്നെങ്കിലും യൂറോപ്യൻ ശൈലിയിലുള്ള വിദ്യാഭ്യാസം ലഭിച്ചിരുന്നവർ, ഭൂവുടമകളായിരുന്ന മുസ്‌ലിം ജന്മികുടുംബാംഗങ്ങൾ തുടങ്ങിയവരായിരുന്നു ബ്രിട്ടിഷ് ദാസൻമാരും ബ്രിട്ടിഷ് വിരുദ്ധ പോരാട്ടങ്ങളെ ഒറ്റുകൊടുക്കുകയും ചെയ്തിരുന്നവർ. കരം ഒഴിവ് പോലുള്ള ആനുകൂല്യങ്ങൾക്കു പുറമെ ഖാൻ ബഹദൂർ, ഖാൻ സാഹിബ് പട്ടങ്ങൾ അത്തരം ആളുകൾക്കു മാത്രമാണ് നൽകിയത്. ബ്രിട്ടിഷ് ദാസനോ ഒറ്റുകാരനോ ആവാതെ ഒരിക്കലും ഇത്തരം ബിരുദങ്ങൾ നൽകുമായിരുന്നില്ല. അവർ എത്ര കൊടികെട്ടിയ തങ്ങളോ മൗലവിയോ ആയാലും ഖാൻ ബഹദൂർ പട്ടം ലഭിച്ചവർ അത് ഉപേക്ഷിക്കാത്തിടത്തോളം കാലം അവർ ബ്രിട്ടന്റെ അനുയായികളും ഒറ്റുകാരും തന്നെയായിരുന്നു.



*വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ മഞ്ചേരി പ്രഖ്യാപനം ചിത്രകാരന്റെ ഭാവനയിൽ എ.കെ. കോഡൂരിന്റെ പുസ്തകത്തിൽ നിന്ന്*

**ബി. പോക്കർ സാഹിബിനെ തോൽപ്പിച്ച ഖാൻ ബഹദൂർ പി.എം. ആറ്റക്കോയ തങ്ങൾ പിന്നീട് ലീഗ് വേദിയിലെത്തി. ഖാൻ ബഹദൂർ ബിരുദം ഉപേക്ഷിക്കണമെന്നു നാൽപതുകളിലുണ്ടായ ലീഗ് തീരുമാനം അംഗീകരിക്കാൻ വിസമ്മതിച്ച ഈ തങ്ങൾ ലീഗിൽ നിന്നു പുറത്തുപോവുകയാണുണ്ടായത്. പിന്നീട് സമസ്ത രൂപീകരിച്ചപ്പോൾ ആറ്റക്കോയ തങ്ങൾ അതിന്റെ സഹയാത്രികനായിരുന്നു. ഹിച്ച്കോക്കിനു സ്മാരകം പണിയാൻ മുന്നിട്ടിറങ്ങിയ ആളാണ് ആറ്റക്കോയ തങ്ങൾ. ഇദ്ദേഹത്തിന്റെ പിതാവ് ഖാൻ ബഹദൂർ മുത്തുക്കോയ തങ്ങളും കടുത്ത ബ്രിട്ടിഷ് ആരാധകനും കോഴിക്കോട് മുനിസിപ്പാലിറ്റിയിലെ ബ്രിട്ടിഷ് നോമിനേറ്റഡ് അംഗവും ബ്രിട്ടിഷ് ചക്രവർത്തിയുടെ കിരീടധാരണത്തിന്റെ ആഘോഷത്തിന്റെ സംഘാടകനും ഖിലാഫത്തിനെ എതിർക്കാൻ യോഗം സംഘടിപ്പിച്ചയാളുമായിരുന്നു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സ്ഥാപക പ്രസിഡന്റായ ഖാൻ ബഹദൂർ വരക്കൽ മുല്ലക്കോയ തങ്ങൾ ഈ പട്ടം ഉപക്ഷിച്ചതായി അറിവില്ല.**

## ബ്രിട്ടിഷ് അനുകൂല ഖാൻ ബഹദൂർമാർ

മുസ്‌ലിംലീഗിനെതിരേ മൽസരിച്ചു ബി. പോക്കർ സാഹിബിനെ തോൽപ്പിച്ച ഖാൻ ബഹദൂർ പി.എം. ആറ്റക്കോയ തങ്ങൾ പിന്നീട് ലീഗ് വേദിയിലെത്തി. ഖാൻ ബഹദൂർ ബിരുദം ഉപേക്ഷിക്കണമെന്നു നാൽപതുകളിലുണ്ടായ ലീഗ് തീരുമാനം അംഗീകരിക്കാൻ വിസമ്മതിച്ച ഈ തങ്ങൾ ലീഗിൽ നിന്നു പുറത്തുപോവുകയാണുണ്ടായത്. ലീഗിനെതിരേ മൽസരിച്ചു മദ്രാസ് നിയമസഭയിലെത്താൻ അയാളെ സഹായിച്ചത് ബാഫഖി തങ്ങളായിരുന്നു. പിന്നീട് സമസ്ത രൂപീകരിച്ചപ്പോൾ ആറ്റക്കോയ തങ്ങൾ അതിന്റെ സഹയാത്രികനായിരുന്നു. ഹിച്ച്കോക്കിനു സ്മാരകം പണിയാൻ മുന്നിട്ടിറങ്ങിയ ആളാണ് ആറ്റക്കോയ തങ്ങൾ. ഇദ്ദേഹത്തിന്റെ പിതാവ് ഖാൻ ബഹദൂർ മുത്തുക്കോയ തങ്ങളും കടുത്ത ബ്രിട്ടിഷ് ആരാധകനും കോഴിക്കോട് മുനിസിപ്പാലിറ്റിയിലെ ബ്രിട്ടിഷ് നോമിനേറ്റഡ് അംഗവും ബ്രിട്ടിഷ് ചക്രവർത്തിയുടെ കിരീടധാരണത്തിന്റെ ആഘോഷത്തിന്റെ സംഘാടകനും ഹിമായത്തുൽ ഇസ്‌ലാം സഭയുടെ സ്ഥാപക അധ്യക്ഷനും ഖിലാഫത്തിനെ എതിർക്കാൻ യോഗം സംഘ

ടിപ്പിച്ചയാളുമായിരുന്നു.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സ്ഥാപക പ്രസിഡന്റായ ഖാൻ ബഹദൂർ വരക്കൽ മുല്ലക്കോയ തങ്ങൾ ഈ പട്ടം ഉപക്ഷിച്ചതായി അറിവില്ല. സമസ്തയുടെ സ്ഥാപക ജനറൽ സെക്രട്ടറി പള്ളിവീട്ടിൽ മുഹമ്മദ് കോയ ഖിലാഫത്ത് ദീനി വിരുദ്ധമാണെന്നും നമ്മുടെ ഭരണകൂടമായ ബ്രിട്ടനെതിരേ രംഗത്തുവരരുതെന്നും ഖാസി എന്ന നിലയ്ക്കു പ്രസ്താവന ഇറക്കുകയും ചെയ്തിട്ടുണ്ട്. ആമു സൂപ്രണ്ടും അമ്മുവും മുൻകൈയെടുത്ത് 1921 ജൂലൈ 24ന് നടന്ന പൊന്നാനി പാതാറിലെ ബ്രിട്ടിഷ് അനുകൂല പണ്ഡിത സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും അന്ന് ഇറക്കിയ അൽമഹക്കുൽ ഖലാഫ അലാ ഇസ്മിൽ ഖിലാഫ എന്ന ബ്രിട്ടിഷ് അനുകൂല ഫത്‌വയിൽ ഒപ്പിട്ട മഖ്ദൂം അബ്ദുർറഹ്മാൻ എന്ന കുഞ്ഞൻ ബാവ മുസ്ല്യാർ, വെളിയങ്കോട്ടുകാരനായ തട്ടാങ്ങര കുട്ട്യാമു മുസ്ല്യാർ തുടങ്ങിയവർ ബ്രിട്ടൻ വിലയ്ക്കെടുത്ത മതപുരോഹിതൻമാരായിരുന്നു. ഈ സമ്മേളനത്തിന്റെ ഭാഗമായി ബ്രിട്ടിഷ് ഭക്തർ ഇറക്കിയ ക്ഷണക്കത്തിൽ നേരത്തേ പറഞ്ഞ രണ്ടുപേരുടെ പുറമെ കവുടിമ്മാക്കാനകത്ത് അബ്ദുല്ലക്കുട്ടി മുസ്ല്യാർ, കരുമ്പനക്കൽ പോക്കർ മുസ്ല്യാർ, ചെറ്റക്കാരൻ മമ്മതു മുസ്ല്യാർ, പെരുമ്പള്ളി അവറു മുസ്ല്യാർ, വടകര മുസ്ല്യാരകത്ത് അബ്ദുല്ല മുസ്ല്യാർ തുടങ്ങിയവർ പങ്കെടുക്കുമെന്നു പറയുന്നുണ്ട്. ഈ പുരോഹിതർ ജനങ്ങളെ വഴിപിഴപ്പിക്കുന്നുവെന്നും ഇസ്‌ലാമിക ഖിലാഫത്തിനെതിരേ പ്രവർത്തിക്കുന്ന ഇവരുടെ മാർഗം നരകത്തിലേക്കാണെന്നും അത് എവിടെയും തെളിയിക്കുമെന്നും ആമിനുമ്മാന്റകത്ത് പരീക്കുട്ടി മുസ്ല്യാരുടെ ഒരു പ്രസ്താവനയും അന്നു പ്രസിദ്ധീകരിച്ചു. 'മുഹിമ്മാത്തുൽ മുഅ്മിനീനും' ഇത് അടിവരയിടുന്നുണ്ട്.

**നാടുവിട്ടുപോയി തന്റെ പേരിലുള്ള കേസ് പിൻവലിച്ചുവെന്നറിഞ്ഞ ശേഷം മാത്രം തിരിച്ചുവന്നവരുണ്ട്. ബ്രിട്ടിഷ് ഭരണത്തിൽ സ്വാധീനമുള്ളവരെ ഉപയോഗിച്ച് തങ്ങൾക്കെതിരേ ചുമത്തപ്പെട്ട കേസുകൾ പിൻവലിപ്പിച്ച പലരും നിസ്സഹകരണ സമര രംഗത്തുള്ളവരെ പോലും നഖശിഖാന്തം എതിർത്തു രംഗത്തു വരുകയുണ്ടായി. 1921നു ശേഷം സമുദായ പരിഷ്കർത്താക്കളും മതപണ്ഡിത സംഘങ്ങളുടെ നേതാക്കളുമായി രംഗത്തുവരുകയും പിന്നീട് സമുദായത്തിന്റെ തന്നെ ശാപമായ വിഭാഗീയതയ്ക്കു തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. ബ്രിട്ടിഷുകാരുടെ ആശീർവാദത്തോടെയും ഭരണകൂട താൽപ്പര്യപ്രകാരവും എന്നാൽ, പ്രത്യക്ഷത്തിൽ സമുദായ നവോത്ഥാനത്തിന്റെ ഭാഗമായും അക്കാലത്ത് രൂപീകരിക്കപ്പെട്ട ഏതാനും മുസ്‌ലിം സംഘടനകൾ 1921കാലത്തുണ്ടായിരുന്നു. പിൽക്കാലത്ത് മുസ്‌ലിം നവോത്ഥാന നായകരായി അവരോധിക്കപ്പെട്ട സയ്യിദ് സനാഉല്ല മക്തി തങ്ങൾ, വക്കം അബ്ദുൽ ഖാദർ മൗലവി തുടങ്ങിയവരുടെ സേവനവും ഇതിനായി ബ്രിട്ടൻ പരമാവധി ഉപയോഗപ്പെടുത്തി.**

പൊന്നാനിയിൽ നിന്നുതന്നെ ഇറങ്ങിയ 'ബ്രിട്ടിഷ് ഗവൺമെന്റിനോട് എന്നും ഭക്തിയോടെ കീഴൊതുങ്ങണമെന്നും ഗാന്ധി, ഷൗക്കത്തലി മുതലായവർ ശ്രമിക്കുന്ന പ്രവർത്തനം ദീനിന് എതിരാണെന്നും അതിൽ പങ്കെടുക്കരുതെന്നും അവർക്കു സഹായം ചെയ്യരുതെന്നും' കാണിച്ച് ആയിരത്തോളം പേർ ഒപ്പിട്ടിട്ടുണ്ടെന്നു പറയുന്ന ഒരു പ്രസ്താവനയിൽ, പഴയകത്ത് മമ്മിക്കുട്ടി ഹാജി (പൊന്നാനി മഖ്ദൂം), പടിഞ്ഞാറകത്ത് സയ്യിദ് ഹൈദ്രോസ് കുഞ്ഞിക്കോയ തങ്ങൾ, വളപ്പിൽ ബാവ മുസ്ല്യാർ, മഖ്ദൂം പുതിയകത്ത് ചെറിയ ബാവ മുസ്ല്യാർ തുടങ്ങിയ ഏതാനും പുരോഹിതൻമാരുടെ പേരുണ്ട്.



*വാഗൺ ട്രാജഡി ചിത്രകാരന്റെ ഭാവനയിൽ*



*ഖാൻ ബഹദൂർ വരക്കൽ മുല്ലക്കോയ തങ്ങൾ*



*ആലി മുസ്‌ല്യാർ*

**മലബാർ സമരത്തെ ഭരണകൂട പക്ഷത്തു നിന്നുകൊണ്ട് എതിർക്കുകയും ഒറ്റുകൊടുക്കുകയും ചെയ്തവരെക്കുറിച്ച് ഇപ്പോൾ പുതിയ ന്യായീകരണങ്ങൾ ഉയർന്നുവരുന്നുണ്ട്. കല്ലടി മൊയ്തുട്ടി മണ്ണാർക്കാട്ട് നടന്ന സമസ്ത സമ്മേളനത്തിൽ സ്വാഗത സംഘം അധ്യക്ഷനായതുകൊണ്ട് വാഗൺ ട്രാജഡിയിൽ ശ്വാസംമുട്ടി മരിച്ച ആത്മാവുകൾ പൊറുക്കുമോ? മലപ്പുറത്തെ ഒ.പി.എം. മുത്തുക്കോയ തങ്ങൾ (ഖാൻ ബഹദൂർ)ക്ക് താൻ മുൻകൈയെടുത്തു സംഘടിപ്പിച്ച ക്യാംപുകളിൽ ഹാജരാക്കിയ ആയിരങ്ങൾക്കു കൊലയും തടവും നാടുകടത്തലും ശിക്ഷയായി കിട്ടിയതിൽ നിന്ന് ഒഴിഞ്ഞുമാറാനാവുമോ? പാങ്ങിൽ അഹ്മദ് കുട്ടി മുസ്‌ല്യാരുടെ കേസിൽ നിന്ന് ഒഴിവാക്കിക്കൊടുത്തതുകൊണ്ടു മാത്രം രാമസിംഹനായി മാറിയ കിളിയമണ്ണിൽ ഉണ്ണീന് പരലോകത്ത് രക്ഷപ്രാപിക്കാനാവുമോ?**

## ബ്രിട്ടിഷ് പക്ഷപാതികൾ

തപുരോഹിതരിൽ ചിലർ ബ്രിട്ടന്റെ ഭാഗത്ത് ഒറ്റുകാരായി നിന്ന പോലെ അക്കാലത്തെ ധനാഢ്യരായ ഭൂരിഭാഗം പേരും ബ്രിട്ടിഷ് പക്ഷത്തായിരുന്നു. പ്രത്യേകിച്ച് അന്നത്തെ അംശം അധികാരികളിൽ ഭൂരിഭാഗവും. കട്ടയാട്ട് ഉണ്ണി മോയിൻകുട്ടി, താളിയിൽ ഉണ്ണീൻകുട്ടി എന്നിവർ ബ്രിട്ടനെതിരേ പൊരുതി ശഹീദായവരാണ്. ചില അധികാരികൾ പോരാളികളെ സഹായിക്കാൻ തയ്യാറായി. എന്നാൽ, പൂക്കോട്ടൂരിൽ പ്രക്ഷോഭങ്ങൾക്കു തുരങ്കംവച്ച വള്ളുവമ്പ്രം അധികാരി പേരാപ്പുറവൻ അഹ്മദ്കുട്ടി, വാഗൺ ട്രാജഡി അന്വേഷണ കമ്മീഷനിൽ അംഗമായി ബ്രിട്ടിഷ് ഉദ്യോഗസ്ഥർക്ക് ക്ലീൻ ചീറ്റ് നൽകിയ മണ്ണാർക്കാട്ടെ ഖാൻ ബഹദൂർ കല്ലടി മൊയ്തുട്ടി, മലപ്പുറത്തെ ധനാഢ്യനും പിന്നീട് രാമസിംഹനായി നമ്പൂതിരി സ്ത്രീയെ വേളികഴിച്ച ഖാൻ സാഹിബ് കിളിയമണ്ണിൽ ഉണ്ണീൻ, വാഴക്കാട്ടെ ഭൂവുടമയായിരുന്ന കൊയപ്പത്തൊടി മമ്മത്കുട്ടി ഹാജി, പരപ്പനങ്ങാടി കുഞ്ഞിക്കോയാമു നഹ, ചേക്കുട്ടിയുടെ സഹോദരൻ കൂരിമണ്ണിൽ ചേക്കു മുതലായവർ ഈ വിഭാഗത്തിൽപ്പെടുന്നു. ഖിലാഫത്ത് പ്രക്ഷോഭത്തിന്റെ തുടക്കം കുറിച്ച തിരൂരങ്ങാടിയിലെ പ്രവർത്തകരെ പിടികൂടാൻ മുന്നിൽനിന്ന തിരൂരങ്ങാടി അധികാരി കഴുങ്ങും തോട്ടത്തിൽ മൂസക്കുട്ടി, ആലി മുസ്‌ല്യാർക്കെതിരേ കള്ളസാക്ഷി പറഞ്ഞ നാലകത്ത് (മുള്ളൻ) കുഞ്ഞിപ്പോക്കർ, ചാലിലകത്ത് ഇബ്രാഹീംകുട്ടി, വെറ്റിലക്കാരൻ കുഞ്ഞഹമ്മദ്, മരക്കാരത്തൊടി മരക്കാരുട്ടി തുടങ്ങിയവർ തിരൂരങ്ങാടിയിലെ ഒറ്റുകാരാണ്.

ഗൂർഖകൾ ക്യാംപ് ചെയ്തിരുന്ന പാണ്ടിക്കാട് ചന്തയുടെ ഉടമകൂടിയായ പാണ്ടിക്കാട് അധികാരി കൊടലിയിൽ മൂസക്കുട്ടി, പെരിന്തൽമണ്ണ അധികാരി കീഴിശ്ശേരി അഹ്മദ്, കവി പുലിക്കോട്ടിൽ ഹൈദറിന്റെ പിതാവ് മമ്പാട്ട്പുലത്ത് ഐത്തു, ക്ലാരിയിലെ റിട്ട. സുബേദാറായ പുല്ലൂടൻ സൈതാലി, വാരിയൻകുന്നത്ത് അടക്കം മലപ്പുറത്തുവച്ചു വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുടെ മയ്യിത്ത് കത്തിക്കാൻ മുന്നിൽ നിന്ന മലപ്പുറം അധികാരി കളപ്പാടൻ ആലി, പെരിന്തൽമണ്ണയിലെ ആലിക്കൽ ഖാദർ, താഴെക്കോട്ടെ നെല്ലായ അയമുട്ടി ഹാജി, അധികാരി കപ്പൂർ ഉണ്ണീനാപ്പ എന്നിവർ. ഇതിൽ അവസാനം പറഞ്ഞ മൂന്നുപേരാണ് ചെമ്പ്രശ്ശേരി തങ്ങളെയും സീതിക്കോയ തങ്ങളെയും പിടിക്കാൻ ആമുവിനെ സഹായിച്ചത്. ഉണ്ണീനാപ്പ ആമുവിന്റെ അളിയൻ കൂടിയാണ്.

## മറ്റു ചില കോടാലിക്കൈകൾ

വ്യക്തിപരമായ താൽപ്പര്യപ്രകാരമല്ലെങ്കിലും അധികാരിയുടെ സമ്മർദ്ദം കാരണം പ്രക്ഷോഭത്തിനു ദ്രോഹം ചെയ്യേണ്ടിവന്ന ചിലരുണ്ടായിരുന്നു. പോരാളികളുടെ സുഹൃത്തുക്കളായിരുന്ന ഇവരെയാണ് അധികാരികൾ അവരെ കീഴടക്കാൻ ഉപകരണമാക്കിയത്; വെട്ടത്തൂരിലെ കണ്ണംതൊടിയിൽ

ഉണ്ണീൻകുട്ടി ഹാജി, പൊറ്റയിൽ ഉണ്യാലി മുസ്‌ല്യാർ, അച്ചുത്തൊടി മൊയ്തുഹാജി തുടങ്ങിയവർ. മൊയ്തു ഹാജി പോരാളികൾക്കു ധാരാളം സഹായങ്ങൾ ചെയ്ത വ്യക്തിയാണ്. ഇവരെ അധികാരികൾ സമ്മർദത്തിലാക്കിയിരുന്നു. വാരിയൻകുന്നത്തുമായി ചർച്ചയ്ക്ക് ഇടനിലക്കാരനായി നിന്ന ഉണ്യാലി മുസ്‌ല്യാരെയും അവർ നാടുകടത്തി.

സമരത്തിന്റെ തുടക്കത്തിൽ രംഗത്തുണ്ടാവുകയും എന്നാൽ സായുധ പോരാട്ടത്തിലേക്കു വഴിമാറാൻ നിർബന്ധിതമായപ്പോൾ അതിനെ തള്ളിപ്പറയുകയും ചെയ്ത വിഭാഗമുണ്ട്. അവർ ഒറ്റുകാരോ ബ്രിട്ടന്റെ അനുയായികളോ ആയിരുന്നില്ല. പലരും പരമ സാത്വികരുമായിരുന്നു. പക്ഷേ, അവരുടെ ഭീരുത്വമെന്നു വ്യാഖ്യാനിക്കാൻ ഇട നൽകിയിരുന്ന നിലപാടുകൾ സമരത്തെ തുരങ്കംവയ്ക്കുന്നതുതന്നെയായിരുന്നു എന്നതിൽ സംശയമൊന്നുമില്ല. അതിൽ നാടുവിട്ടു പോയി തന്റെ പേരിലുള്ള കേസ് പിൻവലിച്ചുവെന്നറിഞ്ഞ ശേഷം മാത്രം തിരിച്ചുവന്നവരുണ്ട്. ബ്രിട്ടീഷ് ഭരണത്തിൽ സ്വാധീനമുള്ളവരെ ഉപയോഗിച്ച് തങ്ങൾക്കെതിരേ ചുമത്തപ്പെട്ട കേസുകൾ പിൻവലിപ്പിച്ച പലരും നിസ്സഹകരണ സമര രംഗത്തുള്ളവരെ പോലും നഖശിഖാന്തം എതിർത്തു രംഗത്തു വരുകയുണ്ടായി. 1921നു ശേഷം സമുദായ പരിഷ്കർത്താക്കളും മതപണ്ഡിത സംഘങ്ങളുടെ നേതാക്കളുമായി രംഗത്തുവരുകയും പിന്നീട് സമുദായത്തിന്റെ തന്നെ ശാപമായ വിഭാഗീയതയ്ക്കു തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.



*ഹിച്ച്കോക്ക്*

ബ്രിട്ടിഷുകാരുടെ ആശീർവാദത്തോടെയും ഭരണകൂട താൽപ്പര്യപ്രകാരവും എന്നാൽ, പ്രത്യക്ഷത്തിൽ സമുദായ നവോത്ഥാനത്തിന്റെ ഭാഗമായും അക്കാലത്ത് രൂപീകരിക്കപ്പെട്ട ഏതാനും മുസ്‌ലിം സംഘടനകൾ 1921 കാലത്തുണ്ടായിരുന്നു. മലബാർ കലക്ടർ കനോലി വധത്തോടെ മാപ്പിളമാരുടെ യുദ്ധഭ്രാന്ത് ഇല്ലാതാക്കാൻ അവർക്കു വിദ്യാഭ്യാസം നൽകണമെന്ന ബ്രിട്ടിഷ് തീരുമാനപ്രകാരം ഇത്തരം സഭകൾ പൊന്നാനി, തിരൂർ, പെരിന്തൽമണ്ണ, കോഴിക്കോട്, മഞ്ചേരി എന്നീ പ്രദേശങ്ങളിൽ ആരംഭിക്കുകയും ഏതാനും മാപ്പിള എലമെന്ററി സ്കൂളുകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. പിൽക്കാലത്ത് മുസ്‌ലിം നവോത്ഥാന നായകരായി അവരോധിക്കപ്പെട്ട സയ്യിദ് സനാഉല്ല മക്തി തങ്ങൾ, വക്കം അബ്ദുൽ ഖാദർ മൗലവി തുടങ്ങിയവരുടെ സേവനവും ഇതിനായി ബ്രിട്ടൻ പരമാവധി ഉപയോഗപ്പെടുത്തി. ഈ സഭകളുടെ നേതൃസ്ഥാനത്ത് അന്നുണ്ടായിരുന്ന ഖാൻ ബഹദൂർ പട്ടക്കാരായ മുസ്‌ലിം പ്രമാണിമാരും ഈ സഭകളും പോരാളികളെ എതിർക്കുന്നതിലും ഒരുവേള ഒറ്റുകൊടുക്കുന്നതിലും പങ്കുള്ളതായി അവരുടെ യോഗനടപടി രേഖകളിൽ നിന്നു വ്യക്തമാവുന്നു.



*1920കളിലെ പൊന്നാനി (ഫയൽ ഫോട്ടോ)*

## പുതിയ ന്യായവാദങ്ങൾ

മലബാർ സമരത്തെ ഭരണകൂട പക്ഷത്തു നിന്നുകൊണ്ട് എതിർക്കുകയും ഒറ്റുകൊടുക്കുകയും ചെയ്തവരെക്കുറിച്ച് ഇപ്പോൾ പുതിയ ന്യായീകരണങ്ങൾ ഉയർന്നുവരുന്നുണ്ട്. അവർ കൂടി ഇല്ലായിരുന്നെങ്കിൽ മാപ്പിളമാരുടെ ഗതിതന്നെ മാറുമായിരുന്നുവെന്നും സമുദായത്തെ രക്ഷിക്കാൻ വേണ്ടി അവർ അത്തരം നിലപാടെടുത്തതാണെന്നും വിദ്യാഭ്യാസം നേടി സമുദായം രക്ഷപ്രാപിക്കണമെന്ന വീക്ഷണമാണവർ സ്വീകരിച്ചതെന്നും അതുംകടന്ന് അന്ന് മാപ്പിളമാരെ സമരരംഗത്തിറക്കി പിന്നീട് പിന്മാറി ചതിച്ചവരെ എതിർക്കുകയാണ് ചെയ്തത് എന്നൊക്കെ പുതിയ ഭാഷ്യങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇവർ ചെയ്ത സാമൂഹിക പ്രവർത്തനങ്ങൾ എങ്ങനെ ഇവരെ ഒറ്റുകാരല്ലാതാക്കി മാറ്റും?

കല്ലടി മൊയ്തുട്ടി മണ്ണാർക്കാട്ട് നടന്ന സമസ്ത സമ്മേളനത്തിൽ

സ്വാഗതസംഘം അധ്യക്ഷനായതുകൊണ്ട് വാഗൺ ട്രാജഡിയിൽ ശ്വാസംമുട്ടി മരണപ്പെട്ട ആത്മാവുകൾ പൊറുക്കുമോ? വാഗൺ ട്രാജഡി അന്വേഷണ റിപോർട്ട് ആമു തയ്യാറാക്കിയതിന്റെ താഴെ മൊയ്തുട്ടി ഒപ്പിട്ടുകൊടുക്കുകയായിരുന്നു. സമസ്ത ബ്രിട്ടിഷ് വിരുദ്ധ സംഘടനയല്ലെന്നു സാക്ഷ്യപത്രം നൽകിയതുകൊണ്ട് മലപ്പുറത്തെ ഒ.പി.എം. മുത്തുക്കോയ തങ്ങൾ (ഖാൻ ബഹദൂർ)ക്ക് താൻ മുൻകൈയെടുത്തു സംഘടിപ്പിച്ച ക്യാംപുകളിൽ ഹാജരാക്കിയ ആയിരങ്ങൾക്കു കൊലയും തടവും നാടുകടത്തലും ശിക്ഷയായി കിട്ടിയതിൽ നിന്ന് ഒഴിഞ്ഞുമാറാനാവുമോ? പാങ്ങിൽ അഹ്മദ് കുട്ടി മുസ്‌ല്യാരുടെ കേസിൽ നിന്ന് ഒഴിവാക്കിക്കൊടുത്തതുകൊണ്ടു മാത്രം രാമസിംഹനായി മാറിയ കിളിയമണ്ണിൽ ഉണ്ണീന് പരലോകത്ത് രക്ഷപ്രാപിക്കാനാവുമോ? മമ്പാട് കോളിനു ഭൂമി നൽകിയതുകൊണ്ട് ഐത്തു അധികാരിക്കും ദാറുൽ ഉലൂമിനു വഖ്ഫ് ചെയ്തതുകൊണ്ട് മമ്മത്കുട്ടി ഹാജിക്കും മഞ്ചേരി ഹിദായത്തുൽ മുസ്‌ലിമീൻ സഭാ യോഗത്തിൽ അധ്യക്ഷത വഹിച്ചതുകൊണ്ട് ഖാൻ ബഹദൂർ ചേക്കുട്ടിക്കും തങ്ങളുടെ ദുഷ്പ്രവൃത്തിയിൽ മോചനം കിട്ടുമോ?

1921നെയും മഹത്തായ മലബാറിലെ നിഷ്കളങ്കരായ മാപ്പിള ജനത തങ്ങളുടെ അറിവും അനുഭവവുംവച്ചു ദൈവം തന്ന സ്വത്തും സമ്പത്തും ബന്ധുത്വവും ശരീരവും ജീവനും സമർപ്പിച്ചു ലോകവൻശക്തിയായ ബ്രിട്ടനോടും ചൂഷകരായ ജന്മിത്വത്തോടും സമുദായ വഞ്ചകരായ ഒറ്റുകാരോടും 'നിങ്ങൾ നീതിയെ കുഴിച്ചുമൂടുന്നവരാണെന്നും ഏതു പ്രതിസന്ധിയിലും നിവർന്നുനിൽക്കുന്ന സാമൂഹിക നീതിക്കു വേണ്ടി ഞങ്ങളും ഞങ്ങളുടെ വരുംതലമുറയും നിലകൊള്ളുമെന്നും' ഉള്ള തങ്ങളുടെ നെഞ്ചിലെ ചോരകൊണ്ടെഴുതിയ അടിക്കുറിപ്പിനെ മായ്ക്കാൻ നടത്തുന്ന ഏതു ശ്രമവും നിങ്ങളെ പരിഹാസ്യരാക്കുകയേ ഉള്ളൂ. ഹിന്ദുത്വ ഫാഷിസം ഒരു സമുദായത്തിൽ ദംഷ്ട്രകളാഴ്ത്തുകയും അവരെ രാജ്യത്തുനിന്നു പുറന്തള്ളാൻ സകല ഭരണ സംവിധാനങ്ങളും പ്രയോഗിക്കുകയും ചെയ്യുമ്പോൾ സുരക്ഷിത കേന്ദ്രം പരതുന്ന നിങ്ങളുടെ ശ്രമത്തെയും സമുദായം തിരിച്ചറിയും. പേരിന്റെ കൂടെ ബഹുമാനം ചേർത്തു പറഞ്ഞതുകൊണ്ടുമാത്രം സമുദായം നെഞ്ചേറ്റില്ല. കർമമാണ് അതിന്റെ അടിസ്ഥാനം. ഒരു കാര്യം ഓർക്കുക. ഒറ്റുകാരായി രംഗത്തുവന്നവരൊക്കെയും സമുദായത്തിന്റെ ആളുകളും സംവിധാനങ്ങളുടെ വക്താക്കളും തന്നെയായിരുന്നു. ചേക്കുട്ടി പോലും. ഭീരുത്വമാണ് ഇത്തരം പിന്തിരിപ്പൻ നിലപാടിലേക്കു നിങ്ങളെ എത്തിക്കുന്നതെങ്കിൽ നിങ്ങളോട് സഹതാപമാണുള്ളത്. അതല്ല, ഇനിയും ഇബ്നു മാജിദിന്റെയും ചേക്കുട്ടിയുടെയും ശബ്ദം ഈ മലമടക്കുകളിൽ പ്രതിധ്വനിപ്പിക്കാനാണ് ഉദ്ദേശ്യമെങ്കിൽ അതു തിരിച്ചറിയാനുള്ള വിവേചനശേഷി ഈ സമുദായം നേടിയിട്ടുണ്ട്. പിറന്ന മണ്ണിൽ നിന്നു പുറന്തള്ളാൻ ശത്രു തക്കംപാർത്തിരിക്കുന്ന ഈ സമയത്തും സംഘപരിവാര വാദങ്ങൾക്കു ബലം നൽകുന്ന പ്രസ്താവനകളിൽ കാണുന്നത് ഒറ്റുകാരന്റെ ഭാഷ തന്നെയാണ്. ●



**ഒരു കാര്യം ഓർക്കുക. ഒറ്റുകാരായി രംഗത്തുവന്നവരൊക്കെയും സമുദായത്തിന്റെ ആളുകളും സംവിധാനങ്ങളുടെ വക്താക്കളും തന്നെയായിരുന്നു. ചേക്കുട്ടി പോലും. ഭീരുത്വമാണ് ഇത്തരം പിന്തിരിപ്പൻ നിലപാടിലേക്കു നിങ്ങളെ എത്തിക്കുന്നതെങ്കിൽ നിങ്ങളോട് സഹതാപമാണുള്ളത്. അതല്ല, ഇനിയും ഇബ്നു മാജിദിന്റെയും ചേക്കുട്ടിയുടെയും ശബ്ദം ഈ മലമടക്കുകളിൽ പ്രതിധ്വനിപ്പിക്കാനാണ് ഉദ്ദേശ്യമെങ്കിൽ അതു തിരിച്ചറിയാനുള്ള വിവേചനശേഷി ഈ സമുദായം നേടിയിട്ടുണ്ട്.**

*(അവസാനിച്ചു)*

** ചേക്കുട്ടിയുടെ ആനക്കയത്തു നിന്നു പന്തല്ലൂരിലേക്കുള്ള ദൂരം രണ്ടു നാഴിക മാത്രമാണ്. പന്തല്ലൂരിലെ മുടിക്കോട് ചെക്പോസ്റ്റിലെ ഹെഡ് കോൺസ്റ്റബിൾ ഹൈദ്രോസ് കുട്ടിയെ വധിച്ച ശേഷമാണ് മാപ്പിള സംഘം ആനക്കയത്ത് എത്തുന്നത്. ചേക്കുട്ടിയെ അല്ല ഒറ്റുകാരന്റെ ആദ്യ കൊല പന്തല്ലൂരിലേതായിരുന്നു.*